
# അവാർഡ് ജേതാക്കൾക്ക് ദീപികയുടെ സ്വീകരണം




**കേരള സാഹിത്യ അക്കാദമിയുടെ ഈ വർഷത്തെ അവാർഡ് ജേതാക്കളായ സാഹിത്യകാരൻമാർക്ക് ഇക്കഴിഞ്ഞ നവമ്പർ 10-ന് തിങ്കളാഴ്ച ദീപിക ദിനപ്പത്രത്തിന്റെയും ദീപിക ആഴ്ചപ്പതിപ്പിന്റെയും ആഭിമുഖ്യത്തിൽ ഒരു സ്വീകരണം നൽകുകയുണ്ടായി. തൃശൂർ ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ നടന്ന പ്രസ്തുത ചടങ്ങിനെപ്പററിയുള്ള ഒരു അവലോകനമാണ് ഈ ലേഖനം.**

---

സാഹിത്യ അക്കാദമി അവാർഡ് നേടിയ സാഹിത്യകാരൻമാർക്ക് ദീപിക നൽകിയ സ്വീകരണയോഗത്തിൽ ഡോ. കെ. ഭാസ്കരൻനായർ പ്രസംഗിക്കുന്നു. ഡി. സി. കിഴക്കേമുറി, എസ്. കെ. പൊററെക്കാട്, എം. തോമസ് മാത്യു, തകഴി, ദീപിക മാനേജിംഗ് എഡിററർ റവ. ഡോ. വിക്ടർ നരിവേലി കെ. ഭഗവതീശ്വര ശർമ്മ, നാലാങ്കൽ, ലളിതാംബിക അന്തർജനം, പി. ഭാസ്കരൻ, ജോർജ് ഓണക്കൂർ എന്നിവരാണ് അദ്ധ്യക്ഷവേദിയിൽ.



Digitized by Kerala Sahitya Akademi

സ്വീകരണയോഗത്തിൽ പങ്കെടുക്കാനെത്തിയ സാഹിത്യ നായകൻമാർ ഒ. എൻ. വി, പ്രൊഫ. സുകുമാർ അഴീക്കോട്, പ്രൊഫ.കെ.എം.തരകൻ, വെട്ടൂർ രാമൻ നായർ ഡോ.കെ.കെ. രാഹുലൻ, എൻ. പി. മുഹമ്മദ്, പ്രൊഫ. മാത്യു ഉലകംതറ, പുതൂർ ഉണ്ണികൃഷ്ണൻ, സി. പി. ശ്രീധരൻ, സി. എ. ജോസഫ്, എൻ. ശ്രീകണ്ഠൻ നായർ, പി. ആർ. ചന്ദ്രൻ തുടങ്ങിയവരെ മുൻനിരയിൽ കാണാം.


---

**കേ**രള സാഹിത്യ അക്കാദമിയുടെ ഈ വർഷത്തെ അവാർഡ് ജേതാക്കളായ സാഹിത്യകാരൻമാർക്ക് ദീപിക ദിനപ്പത്രത്തിന്റെയും ദീപിക ആഴ്ചപ്പതിപ്പിന്റെയും ആഭിമുഖ്യത്തിൽ ഒരു സ്വീകരണം നല്കി. തൃശൂർ ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ ചേർന്ന അനുമോദനയോഗത്തിലും സൽക്കാരത്തിലും കേരളത്തിലെ സമുന്നതരായ എല്ലാ സാഹിത്യനായകൻമാരും സംബന്ധിച്ചു.

ഒരേ വേദിയിൽ കേരളത്തിലെ തലയെടുപ്പുള്ള എല്ലാ സാഹിത്യകാരൻമാരെയും ഒന്നിച്ചുകാണാൻ സാധിച്ചതിൽ തനിക്ക് സന്തോഷമുണ്ടെന്നും, ഈ സഹകരണം ദീപികയോടുള്ള സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ബഹിർസ്ഫുരണമായി കാണുന്നുവെന്നും വിശിഷ്ടാതിഥികൾക്ക് സ്വാഗതമാശംസിച്ചുകൊണ്ട് ദീപിക മാനേജിംഗ് എഡിറ്റർ ഡോ. വിക്ടർ നരിവേലി പ്രസ്താവിച്ചു. ദീപികയുടെ എല്ലാ സാഹിത്യബന്ധുക്കൾക്കും അദ്ദേഹം പ്രത്യേകം നന്ദി പറഞ്ഞു

സ്വീകരണയോഗത്തിൽ ഡോ. കെ. ഭാസ്കരൻ നായർ അദ്ധ്യക്ഷത വഹിച്ചു. ജീവിതത്തിന്റെ ശാശ്വതമൂല്യങ്ങളിൽ അടിയുറച്ച വിശ്വാസമുള്ള സാഹിത്യകാരന് തന്റെ വ്യക്തിജീവിതത്തിലും അത് പ്രതിഫലിപ്പിക്കുവാൻ സാധിക്കുമെന്നും ഉത്തമസാഹിത്യത്തിന്റെ അന്തസ്സത്ത

സ്വീകരണത്തിന് ശ്രീ. നാലാങ്കൽ കൃഷ്ണപിള്ള നന്ദി രേഖപ്പെടുത്തുന്നു.




Digitized by Kerala Sahitya Akademi

കാത്തുസൂക്ഷിക്കുവാൻ സാഹിത്യകാരനല്ലെ വ്യക്തി കടപ്പെട്ടവനാണെന്നും ഡോക്ടർ ഭാസ്കരൻ നായർ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു. അവാർഡുകൾ സാഹിത്യകാരന്റെ ഔന്നത്യത്തെ മഹത്വീകരിക്കുന്നതിന് സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. ദീപിക സംഘടിപ്പിച്ച ഈ സ്വീകരണസൽക്കാരത്തിൽ സംബന്ധിക്കുവാനും, അവാർഡ് ജേതാക്കളെ അനുമോദിക്കുവാനും അവസരം ലഭിച്ചത് തീർച്ചയായും തന്റെ ഭാഗ്യമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

### നാലാങ്കൽ

ദീപിക എക്കാലവും സാഹിത്യകാരന്മാർക്ക് സഹായിയായി നിന്നിട്ടുണ്ടെന്നും സാഹിത്യകാരന്മാരുടെയും അവരുടെ സാഹിത്യപരിശ്രമങ്ങളുടെയും വളർച്ചയ്ക്കും ഉയർച്ചയ്ക്കും ദീപിക ചെയ്തിട്ടുള്ള സേവനങ്ങൾ വിലമതിക്കാനാവില്ലെന്നും സ്വീകരണസൽക്കാരങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് സംസാരിച്ച ശ്രീ നാലാങ്കൽ കൃഷ്ണപിള്ള അഭിപ്രായപ്പെട്ടു.

സാഹിത്യരംഗത്ത് ദീപികയും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരും അർപ്പണമനോഭാവത്തോടെ പ്രവർത്തിച്ചുവരികയാണെന്നും വളരെ ചുരുങ്ങിയ കാലംകൊണ്ടുതന്നെ ദീപിക ആഴ്ചപ്പതിപ്പിന് കേരളത്തിലെ എല്ലാ സമുന്നത സാഹിത്യകാരന്മാരുമായും വളരെനല്ല ഒരു സുഹൃദ




രണ്ടു തലമുറകൾ: ശ്രീമതി ലളിതാംബിക അന്തർജനവും കാക്കനാടനും



ജോർജ് ഓണക്കൂറിനെ പി. ഭാസ്കരൻ പൊന്നാടക്കെ നൽകി സ്വീകരിക്കുന്നു.

ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ആഴ്ചപ്പതിപ്പിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്ക് അതിൽ അഭിമാനിക്കുവാൻ വകയുണ്ടെന്നും പ്രൊഫ. ജോർജ് ഓണക്കൂർ പറഞ്ഞു.

സ്വീകരണസൽക്കാരങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് കാക്കനാടൻ, എം. തോമസ് മാത്യു, കെ. ഭഗവതീശ്വരശർമ്മ കെ. എൻ. പി. കുറുപ്പ് പി. ആർ. മാധവപ്പണിക്കർ എന്നിവരും സംസാരിച്ചു.

സ്വീകരണസൽക്കാരങ്ങളിൽ തകഴി, എസ്. കെ. പൊറ്റെക്കാട്ട് പ്രൊഫ. സുകുമാർ അഴീക്കോട, ലളിതാംബിക അന്തർജ്ജനം, ഡോ. കെ. എം. ജോർജ്, സി. പി. ശ്രീധരൻ, ഒ. എൻ. വി, പ്രൊഫ. കെ. എം. തരകൻ, പ്രൊഫ. എം. അച്യുതൻ, ഡി. സി. കിഴക്കേമുറി, എൻ. പി. മുഹമ്മദ്, എൻ. ശ്രീകണ്ഠൻ നായർ, ഡോ. ചുമ്മാർ ചൂണ്ടൽ, സി. എൻ. ജോസഫ്, വെട്ടൂർ, രാമൻ നായർ, പവനൻ, ഡോ. കെ. കെ. രാഹുലൻ, മാത്യു ഉലകംതറ, പി. ആർ. ചന്ദ്രൻ, കെ. ടി. തരകൻ, പുത്തൂർ ഉണ്ണികൃഷ്ണൻ, എം. കെ. മാധവൻനായർ, പ്രൊഫ. പി. ജി. പുരുഷോത്തമൻ പിള്ള, കെ. എ. രാജൻ എം. പി., എം. എം. ഹസൻ, വേലായുധൻ പണിക്കശേരി, ഹബീബ് വലപ്പാട്, പി. ഐ. ശങ്കരനാരായണൻ തുടങ്ങി സാഹിത്യത്തിന്റെ വിവിധമണ്ഡലങ്ങളിൽ വ്യാപരിക്കുന്ന സമുന്നതരായ മിക്കസാഹിത്യകാരന്മാരും സംബന്ധിച്ചിരുന്നു. സ്വീകരണത്തിലും സൽക്കാരത്തിലും പങ്കെടുക്കാൻ സന്മനസ്സു കാണിച്ച എല്ലാ സാഹിത്യകാരന്മാർക്കും ദീപിക ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ ശ്രീ. പി. ഭാസ്കരൻ നന്ദി രേഖപ്പെടുത്തി.

സ്വീകരണസൽക്കാരത്തിൽ പങ്കെടുക്കാനെത്തിയ വിശിഷ്ടാതിഥികളെ ദീപിക ജോയിന്റ് ചീഫ് എക്സിക്യൂട്ടീവ് പി. ജി. ജോർജ, ആഴ്ചപ്പതിപ്പ് സഹപത്രാധിപർ തേക്കിൻകാട് ജോസഫ് എന്നിവർ ചേർന്ന് സ്വീകരിച്ചു. ●



Digitized by Kerala Sahitya Akademi

പ്പോൾ ആരുടെ അനക്കവുമില്ല.

നാട്ടുവെളിച്ചം തീർത്തും മാഞ്ഞു കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് വിക്കറ്റ്ഗേറ്റ് ശ്രദ്ധയിൽ പെട്ടത്. വിക്കറ്റ്ഗേററുവഴി നളിനി അകത്തു കടന്നു.; നടന്നു.

ചെത്തിയൊരുക്കിയ പുൽത്തടങ്ങൾക്കിടയിലുള്ള വളഞ്ഞുപോകുന്ന ടാർ പൂശിയ വഴിയിലൂടെ.

ബംഗ്ലാവ് തുറന്നുകിടക്കുന്നു. വിളക്കുകൾ പ്രകാശിക്കുന്നു. പക്ഷേ ആളനക്കമില്ല.

ശക്തി അകത്തെവിടെയെങ്കിലും വിശ്രമിക്കയാവണം.

നളിനി അകത്തുകടന്നു.

കിളരമുള്ള പീഠത്തിലെ പഴയ ക്ലോക്ക് മുമ്പ് കണ്ട മട്ടിൽതന്നെയുണ്ട്. വളരെ താഴ്ന്നുതൂങ്ങുന്ന നിശ്ചലമായ പെൻഡുലം. നാഴികമണിയുടെ നെററിയിൽ ദേഷ്യം സൂചിപ്പിക്കുന്ന രേഖകളെപ്പോലെ നിൽക്കുകയാണ് സൂചികൾ. അന്നു കണ്ടപോലെതന്നെ. ഒരു വലിയ പുരികം. ഒരു ചെറിയ പുരികം. രണ്ടും മുകളിലേക്ക് വളഞ്ഞുനിൽക്കുന്നു.

അതാ, ആ കുറിപ്പ്.

"Omnia vincit amor."

പ്രേമം എല്ലാററിനെയും കീഴടക്കുന്നു.

ശക്തിയെവിടെ?

അതാ, മഹോഗണി ഡസ്ക്ക്. പേപ്പർവെയ്ററിൽ അമർന്നിരിക്കുന്ന പഴയ കടലാസുകൾ. നീലമഷിയും ചുവപ്പുമഷിയും നിറച്ച ഇങ്ക്വെൽ. സ്വർണ്ണപ്പിടിയുള്ള പഴയ പേന. എങ്ങും പൊടി.

ശക്തിയെവിടെ?

അടുത്ത മുറിയിൽ തേക്കും മുത്തുച്ചിപ്പിയും കലർത്തിയുണ്ടാക്കിയ പെട്ടി..... കൂടുതൽ പൊടി. ഫയർപ്ലേസിൽ കഴിഞ്ഞ കാലത്തിന്റെ പ്രേതസ്മരണകളെപ്പോലുള്ള ക്രിസ്തുമസ് കാർഡുകൾ.

എത്ര ഭംഗിയിലാണവ അടുക്കിവച്ചിരിക്കുന്നത്!

നവരാത്രിക്കാലത്ത്, കൂലിലയത്തിൽ, പൊടി തട്ടി, ആണ്ടോടാണ്ട് ശേമത്തി ഒരുക്കാനിടയുള്ള "ബൊമ്മക്കൊലു" പോലെ.

ശക്തിയെവിടെ?

അനേകം കോടി പ്രാണികൾ അധിവസിക്കുന്ന ട്രെഞ്ച്കോട്ട് തൂങ്ങുന്ന മുറിയിലവൾ കടന്നു. കോട്ട് അൽപ്പം അനങ്ങിയോ? പ്രാണികളെ ഭയന്ന് നളിനി ചുവടുകൾ പിന്നോക്കം വച്ചു.

അപ്പോൾ ഒരു തണുത്ത കൈ അവളുടെ തോളിൽ സ്പർശിച്ചു.....ലേശം ബലത്തോടെ തന്നെ.

നളിനി ഭയപ്പാടോടുകൂടി തിരിഞ്ഞു. അവളുടെ തൊണ്ടയിൽനിന്നും നേർത്ത നിലവിളി ഉയർന്നു. വിറപൂണ്ട കൈകളിൽനിന്നും പെട്ടി താഴെ വീണു. സുന്ദരിയായ ഒരു സ്ത്രീയാണ് തന്നെ സ്പർശിച്ചിരിക്കുന്നത്. കണ്ണുകളിൽ വല്ലാത്തൊരു തുറിച്ചുനോട്ടം

ആരാണീ സ്ത്രീ?

പെട്ടെന്നവർ കൈ പിൻവലിച്ചു.

പിന്നെ വിമ്മിക്കരഞ്ഞു.

പെട്ടെന്ന് കരച്ചിലവസാനിപ്പിച്ചുകൊണ്ട് ആ സ്ത്രീ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു ചോദ്യം ചോദിച്ചു. "നീ ഇവിടെ വന്നത് ശക്തിക്കുവേണ്ടിയാണോ?"

നളിനിയുടെ അഭിമാനം ഉണർന്നു. "അതേ ചോദ്യം ഞാനങ്ങോട്ടും ചോദിക്കുന്നു. നീ ഇവിടെ വന്നത്.....?"

"ഞാൻ അ[illegible]കൊണ്ട്. ശക്തിയുടെ ഭാര്യ[illegible]."

"ക്ഷമിക്കൂ ഞാൻ പോകുന്നു."

ഈ രാത്രിയിലെവിടെപ്പോകാൻ? ഞാൻ സമ്മതിക്കുകയില്ല. ഇന്നെനിക്കൊരു കൂട്ടായിരിക്കൂ.... എന്നെ സഹായിക്കൂ."

"സഹായിക്കാനോ?"

"കോണിപ്പടി കയറി എന്റെ മരുന്നും സ്രിഞ്ചും കൊണ്ടുവരൂ!" അമല പറഞ്ഞു.

കാര്യം മനസ്സിലാകാതെ മൗനം പൂണ്ടിരുന്ന നളിനിയോട് അനിഷ്ടഭാവത്തിൽ അമല ചോദിച്ചു. "നിനക്ക് മനസ്സിലായില്ലേ? എങ്കിലിതു നോക്കൂ!"

തുടയും കൈത്തണ്ടകളും അമല പ്രദർശിപ്പിച്ചു.

അവിടെയെല്ലാം അനേകം [illegible]ചിപ്പാടുകൾ ഉണ്ടായിരുന്നു.

ശാസ്ത്രത്തിന്റെ പൂന്തോപ്പിൽ നിന്ന്

# താക്കോലിൽനിന്ന് തീപ്പൊരി

അതെ, സംഭവിച്ചതാണ്. വായുവിൽ തൂങ്ങിനിന്ന ഒരു താക്കോൽ തുമ്പിൽനിന്നും തീപ്പൊരി പൊട്ടിവിടർന്നു. ഒന്നല്ല, രണ്ടല്ല, ഒരുപാട് തീപ്പൊരി. ആ നിമിഷം ഇവിടെ ചിത്രീകരിക്കുന്നു.

നേരം സന്ധ്യ. അന്തരീക്ഷം കാർമേഘാവൃതം. ഇരുണ്ട ദിക്കുകൾ. ആകാശത്ത് കറുത്ത മേഘങ്ങൾ തമ്മിൽ ഉരുമ്മി ഉരുമ്മി കളിക്കുന്നു.

പട്ടുതുണികൊണ്ട് ഉണ്ടാക്കിയ ഒരു പട്ടം. അതിന്റെ മുമ്പിൽ കമ്പിനാരുകൾ കെട്ടിയിട്ടുണ്ട്. പിന്നിൽ ഒരു പരുത്തിനൂൽ ചരടും. ചരടിന് വേണ്ടുവോളം നീളമുണ്ട്. അതിന്റെ അററത്തൊരു താക്കോൽ ബന്ധിച്ചു. താക്കോൽ പിടിയിൽ ഒരു പട്ടുനാടയും.

ഇതാ ഒരു മിന്നൽ. തുടർന്ന് അഷ്ടദിക്കും നടുക്കുന്ന ഇടിമുഴക്കം. മഴ ചാറുവാൻ തുടങ്ങി.

ഇതുതന്നെ നല്ലനേരം. നാടയുടെ അററം പിടിച്ച് പട്ടം മാനത്തേക്ക് ഉയർത്തി.

താക്കോലിലൊന്ന് തൊട്ടാലോ? അദ്ദേഹം സംശയിച്ചു. പക്ഷേ തൊട്ടില്ല. കൈവിരൽ അടുത്തെത്തിയതേയുള്ളു. തത്സമയം താക്കോലിൽനിന്ന് തീപ്പൊരി പാറി.

ആ തീപ്പൊരി വൈദ്യുത തീപ്പൊരിയായിരുന്നു. വൈദ്യുതാഗ്നിജ്വാലയുടെ കത്തിപ്പടരലായിരുന്നു.

അപ്പോഴാണ് അന്തരീക്ഷവൈദ്യുതിയെ മനുഷ്യൻ ആദ്യമായി മനസ്സിലാക്കിയത്. ആകാശത്ത് പൊട്ടിവിടരുന്ന മിന്നൽ എന്താണെന്ന് കൺമുമ്പിൽ കണ്ടത്. അതുവരെ ഇടിമുഴക്കം ദേവാസുരയുദ്ധക്കളത്തിൽനിന്നുള്ള മുഴക്കമായിരുന്നു. ആയുധങ്ങളുടെ ഏററുമുട്ടലിന്റെ മുഴക്കമായിരുന്നു. ആയുധങ്ങൾ അന്യോന്യം ഉരസുമ്പോഴുള്ള തീപ്പൊരിയായിരുന്നു മിന്നൽ. അങ്ങനെ ഒരായിരം അന്ധവിശ്വാസങ്ങൾ; തെററിദ്ധാരണകൾ; കെട്ടുകഥകൾ. എല്ലാം ആ നിമിഷത്തിൽ മാഞ്ഞുപോയി. സത്യം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കി. ആരായിരുന്നു ആ മനുഷ്യൻ?

ബെഞ്ചമിൻ ഫ്രാങ്ക്ളിൻ എന്ന ചിന്തകൻ. എന്നായിരുന്നു ഈ സംഭവം? 1752-ൽ.

**ശബരി**





Digitized by Kerala Sahitya Akademi